പ്രത്യാശ

(മാർച്ച് 2008)

(റിസർവ് ബാങ്ക് (കൊച്ചി) പെൻഷനേഴ്സിനു വേണ്ടിയുള്ള ഒരു വാർത്താ ബുള്ളറ്റിൻ)

ലക്കം 12 പ്രസിദ്ധീകരണ തീയതി : എല്ലാ മാസവും 15 ന് പേജുകൾ 3

എഡിറ്റോറിയൽ : 23-2-08ന് "നാഷനൽ സെമിനാർ ഓൺ ജൂഡീഷ്യൽ റിഫോംസ്" എന്ന പേരിൽ ഉൽഘാടനം ചെയ്ത് രാഷ്ട്രപതി പ്രതിഭാ പാട്ടീൽ പറഞ്ഞു "Congestion in Courts has become a daunting challenge. Case disposals are excruciatingly time consuming. This agonising delay has rendered the common man's knock on the doors of justice a frustrating experience." കോടതിയിലെത്തുന്നതിനും രാഷ്ട്രപതി പരാമർശിച്ചു - "Access to citizens remains limited due to prohibitive costs of quality legal advice. It is common place to hear that law has become the luxury of the rich. The present legal system needs to be improved". ഈ വാക്കുകൾ റിപ്പോർട്ട് ചെയ്ത് കൊണ്ടു 24-2-08ന്റെ ഹിന്ദു പത്രത്തിൽ അവരുടെ നിയമലേഖകൻ എഴുതി "Alternative dispute resolution should be encouraged to reduce the burden of cases in Courts". ഇതേപ്പറ്റിയുള്ള സെമിനാറിൽ സുപ്രീം കോടതി ജഡ്ജി ശ്രീ കെ.ജി. ബാലകൃഷ്ണൻ ശരിയായ സർക്കാർ ഭരണത്തിന്റെ അഭാവം കോടതികളിൽ കേസ് കൂടുന്നതിന്റെ കാരണമായി ചൂണ്ടിക്കാട്ടി. വളരെ അധികം കേസുകളിൽ സർക്കാർ തന്നെയാണ് പ്രതിസ്ഥാനത്തുള്ളത്. സർക്കാർ ഉദ്യോഗസ്ഥർ സ്വന്തം നീതിചിന്തയും പ്രകടിപ്പിക്കാതെയും നീതിപൂർവ്വമായ തീരുമാനങ്ങളെടുക്കുന്നതിൽ പരാജയപ്പെടുന്നതുകൊണ്ടാണ് കോടതികളെ ശരണം പ്രാപിക്കേണ്ടി വരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

1992-94 കാലത്ത് ശമ്പളപരിഷ്കരണം നടത്തിയ L.I.C. ഗ്രൂപ്പുവിഭാഗങ്ങൾക്കിടയിൽ പ്രകടമായ അനീതിക്കെതിരെ ഓഫീസർമാർ നൽകിയ അനുകൂല വിധിക്കെതിരെ L.I.C. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റിഷൻ നൽകിയെങ്കിലും അതു തള്ളിക്കൊണ്ട് ഒരേ ഗ്രൂപ്പിൽപ്പെട്ട ജീവനക്കാരുടെ വ്യത്യസ്തമായി കാണാനുള്ള നിയമവിരുദ്ധമാണെന്ന് കോടതി വിധിച്ചു - പക്ഷേ എപ്പോൾ? കേസ് കൊടുത്തതിനു ശേഷം. എത്രലക്ഷം രൂപ ഇതു കൊടുക്കും ചിലവായി. ഇതിനിടയിൽ എത്രപേർ മരിച്ചുപോയി. തൊഴിലുടമയുടെ തീരുമാനം വൈകുന്നതിനെതിരെ L.I.C. ചെയർമാനും എന്തെങ്കിലും നടപടിയുണ്ടോ? ഇതൊക്കെത്തന്നെയാണ് ഇന്ത്യൻ ജുഡീഷ്യലിന്റെ പരിമിതിക്കുള്ളിലെ നാരം. RBIയിലെ പെൻഷൻ അപ്ഡേഷന്റെ കാര്യവും ഇങ്ങനെ തന്നെ. ധനകാര്യവകുപ്പ് നിയമവിരുദ്ധമായി ഓഫീസർമാരുടെ പെൻഷൻ പരിഷ്കരണം തടഞ്ഞിരിക്കുകയാണ്. ബാങ്കിന്റെ ചീഫ് വിജിലൻസും ഇതുതന്നെ കാണുന്നു. പക്ഷേ എന്തുകൊണ്ടോ L.I.C.യിലേപ്പോലെ നമ്മളും കോടതിയിൽ പോകുവാൻ തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ രാഷ്ട്രപതിയുടെയും ചീഫ് ജസ്റ്റിസിന്റെയും മുൻപ് പ്രസംഗങ്ങളുടെ വെളിച്ചത്തിൽ ഒരു Redressal Grievance Machinery, RBIക്കും ഉണ്ടാവേണ്ടതിന്റെ ആവശ്യകതയിലേക്കാണ് - പ്രത്യാശ"യുടെ ഇപ്പോഴത്തെ ലക്കത്തിൽ ഈ അഭിപ്രായം ഉന്നയിച്ചിരുന്നു - തുടർന്ന് ഡിസംബർ 2007ൽ HRDD സി.ജി. ഓഫീസിൽ നടന്നിരുന്ന സംഭാഷണത്തിൽ അസ്സോസ്സിയേഷനും ഈ അഭിപ്രായം ഉന്നയിച്ചു - എങ്കിലും അഭിപ്രായങ്ങൾക്കപ്പുറം ഗൗരവത്തോടുകൂടി ഈ വിഷയം പരിഗണിക്കപ്പെട്ടതായില്ല. അതുകൊണ്ട് ഈ നിയമപണ്ഡിതരുടെ മധ്യസ്ഥതയിൽ തർക്കങ്ങൾ തീർക്കുവാനുതകുന്ന ഒരു കൺസീലിയേഷൻ/അഡ്ജുഡിക്കേഷൻ സംവിധാനത്തെപ്പറ്റി പ്രത്യാശ ഒരിക്കൽക്കൂടി സൂചിപ്പിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുന്നു -

M.A.F. ചട്ടനി: ഗ്രേഡ് A അംഗത്വമുള്ള ഒരംഗത്തിന് 16160 രൂപ ആജീവനാന്ത ലോൺ നൽകിയപ്പോൾ പോളിസിയുടമയായ ഒന്നരലക്ഷത്തിൽ നിന്ന് ഈ തുക കുറച്ച് ബാക്കി 133840 രൂപയ്ക്ക് മാത്രമേ ഇനി അവകാശമുള്ളൂവെന്നാണ് T.T.K അറിയിച്ചത്. പ്രസ്തുത ഡിഫറൻസിന്റെ കാര്യത്തിൽ ഒപ്പറേഷൻ 19140 രൂപയുടെ ചെക്കയച്ചു തന്നപ്പോൾ T.T.K പറഞ്ഞത് ഇനി ബാക്കി 130800 രൂപയ്ക്ക് മാത്രമേ അവകാശമുള്ളൂവെന്നാണ്. ഗ്രേഡ് A ക്ക് 1,80,000 കവറേജ് PER HOSPITALISATION നിരക്കിലിരിക്കെ ഒന്നരലക്ഷത്തിനപ്പുറത്തെ പോളിസി എടുത്തതെന്തുകൊണ്ട്? തന്നെയുമല്ല ഒരു ചികിത്സയുടെ ചിലവ് ഈ തുകയ്ക്ക് മുകളിൽ പോകുമ്പോൾ ഒരുവർഷത്തിനിടെ ഒന്നരലക്ഷം രൂപയ്ക്ക് മാത്രമേ അവകാശമുള്ളൂവെന്ന് വരികയും ചെയ്യും - അപ്പോൾ Per hospitalisation എന്ന് പറയുന്നതിൽ അർത്ഥമെന്ത്? ഇതെല്ലാം കാണിച്ച് വിവരാവകാശ നിയമത്തിൽ ഫയൽ ചെയ്ത പ്രസ്തുത "ഈ" R.B.I. സെന്റർ അപ്പീലിന് കിഞ്ഞയയ്ക്കുകയും ചെയ്തു. അതുപ്രകാരം അപ്പീൽ കൊടുക്കാം - എല്ലാ പ്രാവശ്യത്തെയും പോലെ ഈ അംഗങ്ങൾ അസ്സോസ്സിയേഷൻ സെക്രട്ടറിയെ വേണ്ടുവോളം അറിയിച്ചതിനു ശേഷം വരും അടുത്ത പോളിസി പുതുക്കുമ്പോൾ പരിഹരിക്കുവാൻ സാധിക്കൂ. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി വേണം T.T.K ക്ക് ക്ലെയിം അപേക്ഷ നൽകുന്നത്. ക്ലെയിം ഫോറം അപേക്ഷിച്ചതിനുശേഷം ക്ലെയിം പൂരിപ്പിക്കുമ്പോൾ കൈയ്യും ശ്രദ്ധയിൽ പെടുത്തുക - ഡിസ്ചാർജ്ജ്, ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹോസ്പിറ്റൽ ബില്ലുകൾ തുടങ്ങിയവ കൃത്യമായി ഫോട്ടോസ്റ്റാറ്റ് എടുത്ത് സാക്ഷ്യപ്പെടുത്തിയ ശേഷം ഒറിജിനൽ ഫോം അയക്കുവാൻ ശ്രദ്ധിക്കണം - ക്ലെയിമുകൾ നിഷ്പ്രയാസം തീർപ്പാക്കുവാൻ ഒരു കാരണം നോക്കിയിരിക്കുകയും ചെയ്യുന്ന ഓഫീസർമാരുടെ എല്ലാ ശ്രമങ്ങൾക്കിടയിലും നമ്മെ സഹായിക്കാൻ ഹെൽപ്പ് ഡസ്ക്ക് തുറന്നിട്ടുണ്ട് (കൊച്ചിയിൽ ശ്രീമതി. ഹിമ്മത്ത്, അസി: മാനേജർ) T.T.K. ഓഫീസിൽ നേരിട്ട് അപേക്ഷ കൊടുക്കാൻ പോകുമ്പോൾ എല്ലാം ശരിയാണോ എന്ന് നോക്കി അവർ രസീത് കൊടുക്കുന്നുണ്ട്. റെജിസ്ട്രേഷൻ അയക്കുന്നതിന് മുമ്പ് ഒരു ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കണം - ക്ലെയിമിന്റെ (ഡിസ്ചാർജ്ജ് സമ്മറിയുടെ) റെജിസ്റ്റർ നമ്പർ കിട്ടിയിട്ടേ ഫോൺ താഴെ വയ്ക്കുന്നുള്ളൂ എന്ന ഒരു കേസുമുണ്ട് - സിറ്റിക്കു പുറത്തുള്ളവർക്ക് പുറത്തെ ക്ലെയിം "ഈ" അയച്ചുകൊടുത്തിരുന്നു. സിറ്റിയിലുള്ളവർ തന്നെ അസുഖം മൂലം T.T.K യിലേക്ക് R.B.I യിലേക്ക് പോയിപുറം വാങ്ങാൻ സാധിക്കാത്ത പക്ഷം വിവരമറിയിച്ചാൽ "ഈ" പുറങ്ങൾ (3 എണ്ണം) അയച്ചുതരുന്നതാണ് - നടപടിക്രമങ്ങൾ കൃത്യമായി പൂർത്തിയാക്കി T.T.K ഓഫീസിൽ നേരിട്ട് കൊടുത്ത് അവർ പരിശോധിച്ച് രസീത് തന്നതിനാൽ "ക്ലെയിം" ഡിസ്ചാർജ്ജായി ക്ലെയിമുകൾ മുടങ്ങുകയും സിറ്റി ബാങ്ക് ചെക്കായി പരിഗണിക്കുകയും ചെയ്തതിനാൽ ഒന്നര മാസം എടുത്തു എന്നതൊഴിവാക്കാൻ നമ്മുടെ ഓഫീസിൽ നിന്ന് പുറത്തെ പോകുന്നതിനു മുമ്പ് അംഗങ്ങൾ അതാതു ദിവസം തന്നെ ബാങ്കിലോ കൗണ്ടറിലോ ഒരു ഫോൺ കോളെങ്കിലും ചെയ്ത് സ്ഥലം അസിസ്റ്റന്റിനെ കിട്ടിയാൽ നമ്മുടെ അംഗങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുവാൻ മാനേജരിൽ നിന്നും ഒരു നിർദ്ദേശമുണ്ടാകുന്നതും ഒരു ഹെൽപ്പ് ഡെസ്ക്ക് തുടങ്ങുന്നതും കാര്യം അസ്സോസ്സിയേഷൻ പരിഗണിക്കേണ്ടതുണ്ട്.

Family Get togethers (കുടുംബസംഗമങ്ങൾ) കഴിഞ്ഞ ലക്കത്തിൽ നിർദ്ദേശിച്ചിരുന്ന കുടുംബസംഗമത്തിന് 7 പേർ മാത്രമാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. പ്രസ്തുത "ഈ" യുടെ 57 വയസ്സിനുമുകളിൽ 24 പേർ മാത്രമേ കൊച്ചിൻ സിറ്റിയിലുള്ളൂ - വേൾനടപടികൾ RBREA സെക്രട്ടറി എടുക്കുമെന്ന് പ്രതീക്ഷിക്കുന്നു - താൽപര്യം അറിയിക്കുവാൻ വിട്ടുപോയവർക്ക് ഇനിയും സമയമുണ്ട് -

100% ഡി.ആർ: 1.11.2002 ന് ശേഷം വിരമിച്ചവർക്ക് അനുവദിച്ചതു പോലെ ഈ തീയതിക്കു മുമ്പ് വിരമിച്ചവർക്കും വിലനിലവാരവ്യതിയാനത്തിൽ 100% നഷ്ടപരിഹാരം നൽകാമെന്ന് അസ്സോസ്സിയേഷൻ പ്രതിനിധികളുടെ മാർച്ച് 10ന് അറിയിച്ചതുപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. 1.11.02 കാരക്ക് 1.2.2005 മുതൽ ഇത് ക്രമപ്രവൃത്തിൽ വരുത്തിയെങ്കിലും മുൻ 1.11.02 വിഭാഗത്തിന് 1.2.2008 മുതൽ മാത്രമേ നൽകുകയുള്ളൂ എന്നവ്യക്തമാക്കുന്നു. 1.11.1997 മുതൽ പെൻഷൻ അപ്ഡേഷൻ കമ്മിറ്റിയിൽ 1.7.2003 മുതൽ ക്രമപ്രവൃത്തിൽ വരുത്തിയതെന്നും തുടർന്നിന്നും നേടിയെടുത്ത് പ്രൊഫ. അനന്തനേ സി.ജി.എം. അതു നിലവിലുള്ളവർക്കു ചിലർ ചെയ്യുകയും അവർ അതു 1.11.2002 മുതൽ തന്നെ ക്രമപ്രവൃത്തിലും കണക്കിലും അതിയപ്പെടുകയും ചെയ്തു. ഇങ്ങിനെ എങ്കിലും സംഭവിച്ചാൽ മാത്രമേ നീതിക്കു നിരക്കാത്ത ഈ കട്ടോഫ് തീയതി 1.2.2005 മുതൽ അനുഭവിക്കുകയുള്ളൂ. 100% മുകളിലെ പെൻഷൻ ഇപ്പോൾ 3550 കവിഞ്ഞു പെൻഷൻ വരെ മാത്രമേ പരിഗണനയുള്ളൂ. അതിനു മേൽ സ്ലാബടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കുകളുണ്ട് പരിഗണനയ്ക്ക്. ഉത്തരവ് (Adm: Circular) വന്നാൽ ഉടൻതന്നെ 82.32% അനുവദിക്കുക (ഇപ്പോഴത്തെ 343 സ്ലാബിന്) 2001-100 സൂചികയിൽ 134 പോയിന്റ് × 4.63 × 4.93 = 1960-100 സൂചിക യിൽ 3056 less 1684 merged = 1372 ÷ 4 = 343 സ്ലാബ് × 24% per slab = 82.32% of Basic Pension.

ഫാമിലി പെൻഷൻ കാരക്ക് 500 കയിൽ മുതൽ 2800 കവരെ ഇനിയും മെഡിക്കൽ അലവൻസ് നൽകുവാനുള്ള തീരുമാനം അറിയുന്നു. എക്സ്ഗ്രേഷ്യ കാരുടെ കാര്യം പരിഗണനയിലുണ്ടെന്നും മറ്റുള്ളവരിൽ A.C ഇറങ്ങുന്നതുവരെ സംഘടനകൾ ഉൽക്കണ്ഠയിൽ തുടരണമെന്നു മാണ് യാഥാർത്ഥ്യം.

1.11.2002 മുതലുള്ള അപ്ഡേഷൻ: ഈ ആവശ്യത്തെപ്പറ്റി മാർച്ച് 26ന് അഡീഷണൽ സെക്രട്ടറിതലത്തിൽ ധർണ്ണയുടെ പിന്നാലെയും വേണ്ടത്ര പരിഗണന സംഭവവികാസങ്ങൾ മൂലവും മെമ്മോറാണ്ടത്തിൽ കൂടുന്ന സെന്റൽ ബോർഡ് യോഗത്തിന്റെ തീരുമാനം ഉണ്ടാകുവാനും ധർണ്ണ മാറ്റിവയ്ക്കുകയുണ്ടായി. നമ്മുടെ പ്രതിനിധികൾ മാർച്ച് 4ന് E.D ശ്രീ ശർമ്മയുമായും മാർച്ച് 11ന് CGM ശ്രീ സിംഗാളുമായും നടത്തിയ സംഭാഷണങ്ങൾക്കു ശേഷമാണ് വേണ്ടത്ര വിവരങ്ങൾ അറിവായതും ധർണ്ണ മാറ്റിവയ്ക്കുന്നതും.

തുടർശ്രമങ്ങളുടെ പുതിയ ചുമതലക്കാർ: ശ്രീ കെ.വി. ജോൺസ്, എം.എൻ. ഗോപിചന്ദ്രൻ 100 കവിതം, ശ്രീ കെ. മോഹൻദാസ്, സി.പി.വി. മേനോൻ പുനർസംഭാവന 100 കവീതം, ഓണം 400 + മുൻ ബാലൻസ് 2894 = 3294 LESS ഇതുവരെ ചിലവ് 537 കാ = നിലവിലിരുപ്പ് 2757 കാ.

ചരമവാർത്തകൾ: തിരുവനന്തപുരത്ത് നിന്നും അസി: മാനേജരായി വിരമിച്ച ശ്രീ ടി.കെ. മുഹമ്മദിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

24.3.08ന് സമർപ്പിച്ച 6-ാം പേ കമ്മീഷൻ റിപ്പോർട്ടിന്റെ ഉള്ളടക്കം പുറത്തുവിട്ടിട്ടില്ലാത്തതിനാൽ ഇവിടെ ചർച്ചചെയ്തിട്ടില്ല. എന്നാൽ 80 വയസ്സുകളിൽ അധികം പെൻഷൻ 20%, 85 ന് 30%, 90 ന് 40%, 95 ന 50%, 100 നുമേൽ 100% എന്നതുപോലുള്ള ഒരു ഉദാഹരണ സൂചനകൾ മാധ്യമങ്ങളിൽ കാണുന്നുണ്ട്. ഇതിന്റെ പ്രതികരണങ്ങൾ നമുക്കറിയേണ്ടതുണ്ട്.

Edited by K.G.K. Pillai, C.2, Elders Village, Chottanikkara 682312 - Ph 0484-2713414

വിവരങ്ങൾക്ക് കടപ്പാട്:— പെൻഷനേഴ്സ് ലിങ്ക്, നിരവധിസ് ഡോട്ട് കോം

The views expressed are those of the Editor & not those of the RBREA, KOCHI